# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 289

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

വരുമാനത്തിന്റെ ദശാംശം വേർതിരിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന മഹത്തായ പാരമ്പര്യമാണല്ലോ നമുക്കുള്ളത്. നമ്മുടെ സഭയിലെ വരുമാനമുള്ള അംഗങ്ങൾ എല്ലാവരും സുവിശേഷ വേലയ്ക്കായി ദശാംശം വേർതിരിക്കണം. സമയം, പണം, കഴിവ്, ബുദ്ധി ഇവയെല്ലാം ദൈവദാനമാണ്. നന്ദിയോടെ അവയെ സ്വീകരിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കണം. ദശാംശത്തിന്റെ ഒരു ഭാഗം സഭയുടെ പൊതു പ്രവർത്തനങ്ങൾക്കായി നല്കണം. ബാക്കിയുള്ളവ ഇടവകയുടെ വളർച്ചക്കും അതുവഴി ദൈവരാജ്യത്തിന്റെ വളർച്ചക്കുമായി ഉപയോഗിക്കണം. ഈ സത്യം അംഗീകരിക്കുന്നതിന്റെ പ്രതീകമാണ് ദശാംശ സമർപ്പണം.

2017 ജൂലൈ 2–ാം തീയതി ദശാംശ സമർപ്പണ ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസം ദശാംശ സ്തോത്ര കാഴ്ച (വികസന ഫണ്ട്) അർപ്പിക്കണം. കവറിലും അല്ലാതെയും ലഭിക്കുന്ന സ്തോത്ര കാഴ്ച പൂർണ്ണമായും സഭയുടെ വികസന ഫണ്ടിലേക്കായി സഭാ ആഫീസിൽ എത്തിക്കണം.

പ്രീയരെ, ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും ദൈവിക ദാനമാണ്. ഭൗതികവും ആത്മീയവുമായ വിഭവങ്ങൾ ശരിയായി വ്യയം ചെയ്യുവാൻ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. നാം അതിന്റെ ഉടമസ്ഥരല്ല, കാര്യവിചാരകർ മാത്രമാണ്. ദൈവം നൽകുന്ന അനുഗ്രഹങ്ങളിൽ നിന്ന് ദൈവരാജ്യ പ്രവർത്തനത്തിനും മറ്റുള്ളവരുടെ നന്മക്കും വേണ്ടി പങ്കു വഹിക്കുവാൻ ഈ ദിവസം നമ്മെ ആഹ്വാനം ചെയ്യുന്നു.

> “ മനുഷ്യനു ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ. ” (മലാഖി 3:8)

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2017 ജൂൺ 2–ാം തീയതി,

J mmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No. 289**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

We have the noble tradition of setting apart one tenth of our income and using it for evangelistic work. All the earning members of our Church should set apart a tenth of their income for evangelistic work. Time, money, ability, intellect all these are gifts from God. We must accept them with gratitude and use them for the good of others as God desires. We should give a part of our tithe for the general activities of the Church. The rest may be used for the growth of the parish and thereby for the growth of the Kingdom of God. The offering of tithe is symbolic of accepting this principle.

We have set apart 2nd July 2017 as Tithing Sunday. We should make our tithe offering (Development Fund) on that day. All the money received in special envelopes and otherwise must be remitted in full to the Sabha Office towards the Development Fund of the Church.

Beloved, all the blessings of our lives are gifts from God. Material and spiritual resources have been entrusted to us for their proper management and use. We do not own them, but are only stewards. This day challenges us to fulfil our role in the work for the Kingdom of God and for the good of others using the gifts God gives us.

> " Will anyone rob God? Yet you are robbing me! But you say, "How are we robbing you? In your tithes and offerings!" (Malachi 3: 8)

Grace be with you all.

Dated 2nd June 2017 from Poolatheen, Tiruvalla

Jmmalabar.

Dr. Joseph Mar Thoma Metropolitan